# <u>ശാന്തി</u>

തൊട്ടടുത്തായി ഒരു കാർ വന്നുനിന്നു. ഒരു വെളുത്ത അംബാസ്സഡർകാർ.

'പിന്നിലെ ഡോർ തുറന്ന് ഒരാൾ വെളിയിലിറങ്ങി. ഒരു സ്ത്രീ. വെളുത്ത മുഖം. വെളുപ്പിൽ നീലപ്പൂക്കളുള്ള സാരി..

പോക്കുവെയിൽ കണ്ണിലേക്ക് അരിച്ചിറങ്ങി. അയാൾ സൈഡിലേക്കു മാറിനിന്നു. കാർ കടന്നുപോയിട്ടാവാം മുന്നോട്ടുള്ള നടപ്പ്.

ആ സ്ത്രീ തൻെറനേരേ നടന്നടുക്കുന്നു. കൈപ്പത്തി കണ്ണിനുമുകളിൽ പിടിച്ച് സൂക്ഷിച്ചുനോക്കി.

ആരാണീ സ്ത്രീ? നല്ല പരിചയമുള്ള മുഖം.

ഇത്! ദൈവമേ...., ഇത് വിജയമാണല്ലോ!

"ഞാനാണ്. വിജയം."

പിന്നോട്ടൊഴുകുന്ന കാലം. അമ്മാവൻെറ വീട്ടിൽ താമസിച്ച് സംസ്ക്രുതം പഠിച്ച നാളുകൾ.

എത്രയോ വർഷങ്ങൾക്കുശേഷം കാണുകയാണ്. എങ്കിലും ആളിന് പറയത്തക്ക മാറ്റമൊന്നുമില്ല.

അവർ അടുത്തെത്തി.

"ഞാൻ...എന്നെ ഇനിയും മനസ്സിലായില്ലെ?"

"പിന്നെ....വിജയത്തിനെ...സോറി.. വിജയലക്ഷ്മിയെ എനിക്ക്...."

"ഇനിയെങ്കിലും ഈ വക ഫോർമാലിറ്റികൾ ഉപേക്ഷിച്ചുകൂടെ? ഞാൻ വിജയമാണ്. വെറും വിജയം."

വിജയം ഡ്രൈവറുടെ നേരേ തിരിഞ്ഞു.

"അമ്പലത്തിൻെറ അവിടേക്ക് പൊയ്ക്കോളൂ. ഞാൻ നടന്നുവരാം."

കാർ കടന്നുപോയി.

"ഞാനും അമ്പലത്തിലേക്കാണ്"

അതറിയാവുന്നതുകൊണ്ടാണല്ലോ ഞാൻ ഇവിടെ ഇറങ്ങിയത്."

മുഖത്തേക്കുനോക്കി. അവിടെ നിലാവുദിച്ചുനിൽക്കുന്നു.

തന്നോടൊപ്പം നടക്കാനായി കാർ പറഞ്ഞുവിട്ടെന്നോർത്തപ്പൊൾ –

ആലോചന മനസ്സിലാക്കിയതുപോലെ വിജയം പറഞ്ഞു: "വല്ലപ്പൊഴും നടന്നില്ലെങ്കിൽ നടക്കാനും മറന്നുപോകും, ഇല്ലേ?"

മഞ്ഞുകാലം തുടങ്ങിക്കഴിഞ്ഞെന്നു തോന്നി. ഇളംവെയിലിലും നേരിയതണുപ്പ്.

ഒഴുകിപ്പോകുന്ന കാറിനെചൂണ്ടി വിജയം പറഞ്ഞു: "മകളുടെ സംഭാവന. കാറും ഡ്രൈവറും. വല്ലപ്പോഴും അമ്മയ്ക്ക് എങ്ങോട്ടെങ്കിലും പോകേണ്ടിവന്നാലോ എന്ന്." ഒരു ദീർഘനിശ്വാസത്തിൻെറ പിന്നാലെ അടുത്ത വാക്കുകൾ: "അർദ്ധരാത്രിയിൽ ആശുപത്രിയിലെങ്ങാനും പോകേണ്ടിവന്നാൽ കാർ തിരക്കേണ്ടല്ലോ? അമേരിക്കയിലിരിക്കുന്ന അവൾക്ക് സമാധാനം വേണ്ടേ?"

അയാൾ തിരിഞ്ഞു വിജയത്തിൻെറ മുഖത്തേക്ക് നോക്കി. ഒരുകാലത്ത് ശരിക്കൊന്നുനോക്കാൻ ഭയപ്പെട്ടിരുന്ന മുഖം. അത് തെറ്റാകില്ലേ? ഗുരുനാഥൻെറ മകൾ.

പക്ഷെ മനസ്സിൽ എപ്പോഴും ആ മുഖം നിറഞ്ഞുനിന്നു.

"ഞാനെന്തൊക്കെയോ പറയുന്നു. സ്വന്തം കാര്യം മാത്രം. അല്ലെങ്കിലും ഞാൻ എന്നും അങ്ങനെയായിരുന്നു, അല്ലേ? സ്വന്തം കാര്യം മാത്രം നോക്കുന്നവൾ."

"ഇല്ല വിജയം. ഒരിക്കലും എനിക്ക് അങ്ങനെ തോന്നിയിട്ടില്ല. മനസ്സിലുള്ളതു പറയാൻ പറ്റാത്ത അവസ്ഥ എല്ലാവർക്കുമുണ്ടല്ലോ?"

"അതെ. ആഗ്രഹം തുറന്നുപറയാൻ കരുത്തില്ലാത്ത അവസ്ഥ."

സ്വരത്തിൽ ഒരു തേങ്ങൽ നിറഞ്ഞുനിൽക്കുന്നതുപോലെ..

വിഷയം മാറ്റാനായി പറഞ്ഞു.

"അതെല്ലാം പോകട്ടെ. നമുക്ക് ഇപ്പോഴത്തെ കാര്യങ്ങൾ പറയാം. വിജയത്തിൻെറ വിശേഷങ്ങളാകട്ടെ ആദ്യം."

"ലേഡീസ് ഫസ്റ്റ്. അല്ലേ? ശരി. എനിക്കു രണ്ടുമക്കൾ. മൂത്തയാൾ ഡൽഹിയിൽ. അവനു രണ്ടുകുട്ടികൾ. ഇളയവൾ അമേരിക്കയിൽ. അവൾക്ക് ഒരു മകൾ. വർഷത്തിലൊരിയ്ക്കൽ അവരെല്ലാം വരും. പിന്നെല്ലാം ഫോണിലൂടെ. ഹസ്ബൻഡ് ജോയൻറ് സെക്രട്ടറിയായിരുന്നു. അഞ്ചുവർഷം മുൻപുമരിച്ചു."

പറഞ്ഞുതീർന്നതുപോലെ മുഖത്തേക്കു നോക്കിയപ്പോൾ തോന്നി. ഇത്രയേയുള്ളു ഒരു ജീവിതം! പത്തിരുപതുവാക്കിൽ ഒതുങ്ങുന്നകഥ!

“ഇനി ഞാൻ എൻെറ കഥപറയണം, അല്ലേ? ശരി.”

“വേണ്ട. എനിയ്ക്കറിയാം. തഹസീൽദാരായിരുന്നു. റിട്ടയറായി. ഒറ്റയ്ക്കുകഴിയുന്നു.’’

ഒറ്റയ്ക്കല്ല, എന്നും എൻെറ മനസ്സിൽ ഒരാളുണ്ട് എന്നു പറയണമെന്നുതോന്നി.

”അപ്പോൾ എന്നെപ്പറ്റി അന്വേഷിയ്ക്കാറുണ്ടായിരുന്നു, അല്ലേ?“ അയാൾ തിരിഞ്ഞ് വിജയത്തിൻെറ മുഖത്തേക്കു നോക്കിക്കൊണ്ടുചോദിച്ചു.

വിജയം തലകുനിച്ചു.

നിശ്ശബ്ദരായി അവർ മുന്നോട്ടുനടന്നു. പക്ഷെ ആ നിശ്ശബ്ദതയ്ക്ക് ഒരു പൂർണ്ണതയുടെ തിളക്കം.

അമ്പലത്തിനടുത്തെത്തിയപ്പോൾ വിജയം ചോദിച്ചു: ”ഓരോ ചായ കുടിച്ചാലോ?“

”പിന്നെന്താ?“

അവിടെക്കണ്ട ഏറ്റവുംവലിയ ഹോട്ടലിനുനേരേനടക്കുമ്പോൾ അന്നുവരെ തോന്നാത്ത ഒരു ഉത്തരവാദിത്വബോധം മനസ്സിൽ.

”വിജയത്തിനു കഴിയ്ക്കാനെന്തെങ്കിലും?“

”വേണ്ട. ചായമാത്രം മതി.“

”രണ്ടുചായ.“ വെയിററർ അടുത്തെത്തിയപ്പോൾ പറഞ്ഞു. പഞ്ചസാര കഴിക്കാറില്ലെന്നകാര്യം മറച്ചുവച്ചു.

വെയിലിൻെറ അവസാനത്തെ തുള്ളികൾ വിജയത്തിന് മൂക്കൂത്തി ചാർത്തുന്നതു നോക്കിയിരുന്നപ്പോൾ വർഷങ്ങൾ പിന്നോട്ടുമാറിയ അനുഭവം.

ഒരു പദ്യം ചൊല്ലിയിട്ട് ഒരിക്കൽ മാഷ് ചോദിച്ചു: ”ഇത് ഏതിൽനിന്നാണെന്നു പറയൂ.“

”രഘുവംശം.“

”കുമാരസംഭവം“ തൊട്ടുപിന്നിൽ വിജയത്തിൻെറ ശബ്ദം.

”നിന്നോടല്ലചോദിച്ചത്.“ മാഷിൻെറ മുഖം കറുത്തുകനത്തു. ”നീ അകത്തുപോ.“

ഒരുനിമിഷം തൻെറ മനസ്സിനുള്ളിലേക്ക് കണ്ണുകളിലൂടെ നോക്കിയിട്ട് വിജയം പെട്ടെന്ന് അവിടെനിന്നു പോയി.

മനസ്സിൽ തളർന്നുകിടന്ന ആശകൾക്ക് അന്ന് ചിറകുമുളച്ചു.

എങ്കിലും അവയ്ക്ക് പറക്കാൻ പ്രാപ്തിയില്ലായിരുന്നു. രോഗിണിയായ അമ്മയും അവിവാഹിതരായ സഹോദരിമാരും അവയെ താഴോട്ടുവലിച്ചുകൊണ്ടിരുന്നു. പക്ഷെ എങ്ങിനെയോ ഒരുനാൾ അവ പറന്നുയരാൻ ശ്രമിച്ചു.

വെയിറ്റർ ചായവച്ചിട്ട് പോയി.

ചായയെടുത്ത് അൽപം കുടിച്ചുനോക്കി.. ഭയങ്കരമധുരം.

വിജയം എന്തോ ചിന്തിച്ചിരിക്കുന്നു.

ചായക്കപ്പ് വിജയത്തിൻെറമുൻപിലേക്ക് ഒന്നുകൂടി നീക്കിവച്ചിട്ടുപറഞ്ഞു: ”കഴിക്കൂ.“

വിജയം ചായയെടുത്ത് ഒരുകവിൾ കുടിച്ചിട്ട് തിരികെവച്ചു. എന്നിട്ട് മുഖത്തേക്കുനോക്കി. സ്വയമെന്നവണ്ണം പറഞ്ഞു.

”എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ.“

”ശരിയാണ്.“

”അന്നു വല്ലാത്തവിഷമം തോന്നിക്കാണും, അല്ലേ?“

അന്നു വിജയം ഒറ്റക്കായിരുന്നു വീട്ടിൽ. പക്ഷെ കയറിച്ചെല്ലുമ്പോൾ അത് അറിഞ്ഞിരുന്നില്ല.

”മാഷെവിടെ?“

”അത്യാവശ്യമായിട്ട് തിരുവനന്തപുരംവരെപോയി. ഇന്നു ക്ലാസ്സില്ലെന്നു പറയാൻ പറഞ്ഞു.“

പറഞ്ഞുതീർന്നിട്ടും മുഖത്തുനിന്ന് കണ്ണുപറിക്കാതെ നിൽക്കുകയാണ്.

ആ സൗന്ദര്യം ശരിക്കും കണ്ടറിഞ്ഞത് അന്നാണ്. അതോടെ മോഹങ്ങൾ ഉയർന്നുപറക്കാൻ വെമ്പി.”

“വിജയം?”

മനസ്സിലെ വിങ്ങൽ തിരിച്ചറിഞ്ഞഭാവത്തോടെ കണ്ണിലേക്കുനോക്കിനിന്നു.

എങ്ങുനിന്നോ ഇരമ്പിക്കയറിയ ധൈര്യത്തിൻെറ അകമ്പടിയോടെ പറഞ്ഞു: "എന്നും വിജയം എൻെറ കൂടെ ഉണ്ടാവണമെന്നാണെൻെറ ആഗ്രഹം. എൻെറ തെറ്റുതിരുത്താൻ."

മനസ്സിലാകാത്തതുപോലെ മുഖത്തേക്കു നോക്കിനിന്നപ്പോൾ തുടർന്നുപറഞ്ഞു:"രഘുവംശമല്ല, കുമാരസംഭവമാണ് ശരിയെന്നു മനസ്സിലാക്കിത്തരാൻ."

മനസ്സിനുള്ളിൽ ആ നിമിഷത്തിൽ ആരോ മുരണ്ടു: "നിൻെറ അമ്മ. സഹോദരിമാർ."

തിരിഞ്ഞുനടക്കുന്ന വിജയത്തിനെയാണപ്പോൾ കണ്ടത്. പിറകേചെന്നപ്പോൾ –

ഒരൊറ്റവാക്കിൽ മറുപടി: "വേണ്ട.".

അപ്പോൾ നിരാശയോടൊപ്പം ആശ്വാസവും തോന്നി. മുന്നോട്ടുപോകാൻ ധൈര്യമില്ലാത്തവന് ആദ്യത്തേ തടസ്സം കാണുമ്പോഴുള്ള ആശ്വാസം. ഇനി മടങ്ങിപ്പോകാമല്ലോ.

പക്ഷെ മുമ്പിട്ടുനിന്നത് നഷ്ടബോധം. ഒരു വിക്രുതിക്കുട്ടിയേപ്പോലെ അത് മനസ്സിൻെറ അകത്തളങ്ങളിൽ വേദന നിറച്ചു.

ബോംബയ്ക്കു തിരിച്ചുപോകുന്നതിൻെറ തലേദിവസം. മാഷോടു യാത്ര പറയാനാണു പോയത്. പക്ഷെ വിജയം മാത്രമേ അന്നു വീട്ടിലുണ്ടായിരുന്നുള്ളു.

"ഞാൻ നാളെ പോകുകയാണ്. ബോംബയ്ക്ക്."

മറുപടി ഒന്നും പറയാനില്ലാത്തതുപോലെ വിജയം മുഖത്തേക്കു നോക്കിനിന്നു."

"ഞാൻ മാഷോടു യാത്രപറയാൻ വന്നതാണ്." ആ കണ്ണുകളിലേക്കുനോക്കിയപ്പൊൾ സ്വയമറിയാതെ കൂട്ടിച്ചേർത്തു: "വിജയത്തിനോടും."

"ഇനി ഇങ്ങോട്ടെങ്ങും വരില്ലേ?" മറുപടി കിട്ടാഞ്ഞപ്പോൾ സ്വയം ഉത്തരവും പറഞ്ഞു. "അല്ലെങ്കിൽത്തന്നെ എന്തിനാ വരുന്നേ? ആരെക്കാണാനാ? ഇല്ലേ?"

"കാണാനുള്ള ആൾ എപ്പോഴും അകന്നുനിൽക്കുകയല്ലെ? ഈയിടെ മുൻപിൽ പോലും വരാറില്ലല്ലോ?"

വിജയം തലയുയർത്തി. നനഞ്ഞ കണ്ണുകൾ.

"എന്താ വിജയം?" സ്വയമറിയാതെ മുന്നോട്ടുനീങ്ങി. ആ കൈകളിൽ പിടിച്ചു.

"എൻെറ വിജയം..." നിയന്ത്രണം നഷ്ടപ്പെട്ടതുപോലെ തോന്നി. പിടിച്ചടുപ്പിച്ചതും കൈ തട്ടിമാറ്റിയിട്ട് ഏങ്ങലടിച്ചുകൊണ്ട് അകത്തേക്കോടിയപ്പോൾ ഭയമാണുതോന്നിയത്.

ഇനി എന്താണുണ്ടാകുക!

പക്ഷെ ഭയം ആശ്വാസത്തിനു വഴിമാറി. വേഷമഴിച്ചുവച്ച നടൻെറ ആശ്വാസം.

പക്ഷെ അത് ഏറെനാൾ നീണ്ടുനിന്നില്ല. നഷ്ടബോധം ആശ്വാസത്തെ വിഴുങ്ങി..

ഓർമ്മയിൽനിന്നു ഞെട്ടിയുണർന്നു. വിജയം ജനലിലൂടെ പുറത്തേക്കു നോക്കിയിരിക്കുന്നു. ചോദ്യത്തിൻെറ മറുപടി തേടുകയാണോ?

ചായയെടുത്ത് അൽപം കുടിച്ചിട്ടു പറഞ്ഞു:

"വിഷമം തോന്നി. എന്തോ ഒന്ന് എന്നെന്നേക്കുമായി നഷ്ടപ്പെട്ട വിഷമം. അതോടൊപ്പം ഭയവും. ചെയ്തതു തെറ്റായിപ്പോയോ എന്ന ഭയം."

"എന്തുചെയ്യും? മനസ്സിലെ ആഗ്രഹം അടക്കിവെക്കേണ്ടിവന്നു." മുഖത്തുനിന്ന് കണ്ണുകൾ പറിച്ചുമാറ്റി, ചായ മുഴുവൻ കുടിച്ചുതീർത്ത് കപ്പ് മാറ്റിവച്ചിട്ട് തുടർന്നു:"ഞങ്ങളുടെ അടുത്ത ബന്ധത്തിലുള്ള ഒരാളിൻെറ മകൻ. അയാൾ എന്നെ കല്യാണം കഴിക്കണമെന്നത് അമ്മയുടെ ആഗ്രഹമായിരുന്നു. മരണക്കിടക്കയിൽ വച്ച് അഛൻ അമ്മയ്ക്കുകൊടുത്ത വാക്ക്. അതു നിറവേറ്റേണ്ടിയിരുന്നു ഞങ്ങൾക്ക്."

ഒന്നും മിണ്ടാതെ കേട്ടിരുന്നു.

"അത് നടന്നിരുന്നെങ്കിൽ വാക്കു പാലിച്ചെന്നെങ്കിലും ആശ്വസിക്കാമായിരുന്നു." ഒന്നു നിർത്തിയിട്ട് കൂട്ടിച്ചേർത്തു: "എനിക്കും അഛനും".

"പിന്നെന്തുപറ്റി?"

"നിശ്ചയം വരെ നടന്നതായിരുന്നു. പക്ഷെ ഒരു ആക്സിഡൻറിൽപെട്ട് ആൾ മരിച്ചു."കണ്ണുതുടച്ചിട്ട്'മുഖത്തേക്കുനോക്കി പുഞ്ചിരിച്ചു.

"എന്താ ചായ കുടിക്കാത്തേ?"

കപ്പെടുത്ത് അൽപം കുടിച്ചിട്ട് വീണ്ടും താഴെവച്ചു. പഞ്ചസാര ചേർത്ത ചായ കുടിക്കാനേ തോന്നുന്നില്ല.

വിജയം ആ ചായക്കപ്പ് കയ്യിലെടുത്തിട്ടു ചോദിച്ചു: "മതിയായോ?"

മതിയെന്നഭാവത്തിൽ തലകുലുക്കി.

വിജയം ആ ചായ ചുണ്ടോടുചേർത്ത് പതുക്കെ, ആസ്വദിച്ച് കുടിക്കുന്നതുകണ്ടപ്പൊൾ –

മനസ്സിലൊരു തേങ്ങൽ. അതോടൊപ്പം ആ ചായയുടെ ചൂടും സ്വാദും നെഞ്ചിൽ.

ഇപ്പൊഴതിൻെറ മധുരം സ്വാദിഷ്ടമാണ്.

"ദീപാരാധന കഴിഞ്ഞെന്നുതോന്നുന്നു." വിജയം പറഞ്ഞു.

"സാരമില്ല." മനസ്സിനെ ഏതോ ലഹരി മൂടിയ അനുഭവം. "വിജയം പോയി തൊഴുതിട്ട് വരൂ. ഞാൻ ഈ ആൽത്തറയിലിരിക്കാം."

"തൊഴാൻ വരുന്നില്ലേ?"

"തൊഴുതു. തൊഴുതുകഴിഞ്ഞു."

"എങ്കിൽ ഞാനും തൊഴുതുകഴിഞ്ഞു. ഇനി ഇവിടെ അൽപനേരമിരിയ്ക്കാം."

ഒന്നും സംസാരിക്കാതെ തണുത്തകാറ്റിൻെറ ആലിംഗനത്തിലമർന്ന് എല്ലാം മറന്ന് എത്രനേരം ഇരുന്നെന്ന് ഓർമ്മയില്ല.

ഇതാണോ ശാന്തി?

ഒരു ശബ്ദം കേട്ടു കണ്ണുതുറന്നു. കാർ മുന്നിൽ നിൽക്കുന്നു.

"എട്ടുമണിയായി. ഇനി ഞാൻ പോകട്ടെ?"

"ശരി."

"വീട്ടിൽ വിടണോ?"

"വേണ്ട. ഞാൻ ഇന്ന് ഇവിടെയാണുറക്കം."

"തണുക്കില്ലെ?"

"ഇല്ല."

കാറിനടുത്തെത്തി വിജയം തിരിഞ്ഞുനോക്കി. കയറണോ വേണ്ടയോ എന്ന് ശങ്കിച്ച് ഒരുനിമിഷം നിന്നപോലെ.

അപ്പോഴേക്ക് കാറിൻെറ ശബ്ദം ഉച്ചസ്ഥായിയിലായി..

%%%%%%%%%%%%%

കൃഷ്ണ